2018 – 19

ഡിജിറ്റൽ മാഗസിൻ

# പ്രബോധിനി



**പി. സി. ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്**

പി. സി. എച്ച്. എസ്. പുല്ലൂപ്രം

## സ്കൂൾ മാനേജർ



**റ്റി. എൻ. പരമേശ്വരൻ നമ്പൂതിരി**

## ഹെഡ്മിസ്ട്രസ്



**ഗായത്രി ഇളയത്**



" ഓം അസതോ മാ സത്ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ"

# ഉള്ളടക്കം


1.ആമുഖം
2.മാഗസിന്റ പിന്നിൽ
3.സൃഷ്ടികൾ
4.വിക്കിപീഡിയ
5.പി. സി എച്ച്. എസ് പുല്ലുപ്രം
6.റാന്നി താലൂക്ക്
7.റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്
8.പേരൂർച്ചാൽ പാലം
9. തിരുവാഭരണപാത ...
10.വരവൂർ, പത്തനംതിട്ട
11.Kannan's Poster
12. Quotable Quotes
13.കവിത - ഒ. എൻ. വി. കുറുപ്പ്
14.On a School day
15.അഭിജിത്ത് ജെ. - ചിത്രം
16.Quotable Quotes-Aparna
17.Hindi Poem
18.Enviornment Organisation
19.The fox and the grapes

20.പ്രകൃതി സംരക്ഷണം - അഭിജിത്ത്
21.KATHAKALI - The art of Kerala
22.ഞാൻ കല്ല് ;എന്റെ കഥ
23.പ്രളയം വന്നതിന്റെ ഉത്തരവാദി ആര് ?
24.Send me an Angel
25.राग गौरी पद
26.ഗാന്ധിസാഹിത്യസംഗ്രഹം
27.മദ്യവും മയക്കമരുന്നും
28.അത്യാഗ്രഹം ആപത്ത്
29.ബ്രൗണിന്റെ റയിൽവേ
30.അഞ്ചു വിരലുകൾ
31.A.P.J. Abdul Kalam
32.Jai Hind By Pavitra
33.Key Board
34.Red Data Book
35.The smart Dog
36.ചിത്രങ്ങൾ
37.കടപ്പാട്

# ആമുഖം

പ്രിയ കുട്ടികളെ ,

പി. സി. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം തയാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മികച്ച രീതിയിൽ തയാറാക്കിയതിൽ ഉള്ള സന്തോഷം ആദ്യമേ അറിയിക്കട്ടെ. വളരെ ശ്രമകരമായ ജോലി താല്പര്യപൂർവം കൃത്യതയോടെ തയാറാക്കി

പൂർത്തീകരിക്കുവാൻ ഉള്ള എന്റെ കുട്ടികളുടെ പരിശ്രമം അഭിമാനകരമാണ്. വിവരസാങ്കേതിക വിദ്യയിലൂടെ അവരുടെ സർഗാത്മക കഴിവുകൾ ഡിജിറ്റലായി തയ്യാറാക്കിയിരിക്കുന്നു. മികവിന്റെ കേന്ദ്രങ്ങളായി സ്കൂളുകൾ വികസിച്ചതിന്റെ ഫലമായി **ലിറ്റിൽ കൈറ്റ്സ്** വിദ്യാർത്ഥികൾ തയാറാക്കിയ ഈ ഡിജിറ്റൽ പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് വളരട്ടെ എന്ന് ആശംസിക്കുന്നു.

ഇതിനായി സഹകരിച്ച എല്ലാ അധ്യാപകർക്കും അഭിനന്ദനങ്ങൾ. എല്ലാ കുട്ടികൾക്കും കൂടുതൽ നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

സ്നേഹത്തോടെ,

**ഗായത്രി ഇളയത്**
**(ഹെഡ്മിസ്ട്രസ്)**

**(ഒപ്പ്)**

# മാഗസിനു പിന്നിൽ


1. ഗിരിജ ശങ്കർ (കൈറ്റ് മിസ്ട്രസ്)
2. ജോസ് എബ്രഹാം (കൈറ്റ് മാസ്റ്റർ)
3. നിഹാരിക ജെ. (ചീഫ് എഡിറ്റർ , IX)
4. അപർണ്ണ വിശ്വനാഥ് (എഡിറ്റർ , IX)
5. പവിത്ര പ്രമോദ് (കൈറ്റ് ലീഡർ , IX)

# മറ്റു കൈറ്റ് അംഗങ്ങൾ

**കണ്ണൻ എം. എസ്. , അഭിജിത്ത് ജെ. , ദേവദത്ത് എ. , ശിവജിത്ത് , ഹരികൃഷ്ണൻ വി. ബി.**



# സൃഷ്ടികൾ







# വിക്കിപീഡിയ - ഓൺലൈൻ വിജ്ഞാനം വിരൽത്തുമ്പിൽ

എല്ലാ ഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞാനകോശം നിർമ്മിക്കുവാനുള്ള ഒരു കൂട്ടായ സംരംഭമാണ് വിക്കിപീഡിയ *(ഇംഗ്ലീഷ്: Wikipaedia)*. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന **വിക്കിമീഡിയ ഫൗണ്ടേഷന്റെ** പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം **ഗ്നൂ സ്വതന്ത്ര പ്രസിദ്ധീകരണാനുമതി** പ്രകാരം ലഭ്യമായതിനാൽ എപ്പോഴും സ്വതന്ത്രവും സൗജന്യവും ആയിരിക്കും. എങ്കിലും ചില പതിപ്പുകളിൽ സ്വതന്ത്രമല്ലാത്ത ഉള്ളടക്കവും നിലവിലുണ്ട്. വിക്കിപീഡിയ എന്ന പേര്, *വിക്കി, എൻസൈക്ലോപീഡിയ* എന്നീ പദങ്ങളുടെ ഒരു **മിശ്രശബ്ദമാണ്.**

ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധ സേവന തൽപരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിച്ചാണ് വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്. ലേഖനം എഴുതുവാനും,

മിക്കവാറും എല്ലാ ലേഖനങ്ങളും തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും വിക്കിപീഡിയ അനുവദിക്കുന്നുണ്ട്.

**ജിമ്മി വെയിൽസ്, ലാറി സാങർ** എന്നിവർ 2001 ജനുവരി 15 നാണ് വിക്കിപീഡിയ പദ്ധതിക്ക് തുടക്കംകുറിച്ചത്. വിദഗ്ദ്ധന്മാർ ലേഖനങ്ങളെഴുതിയ **ന്യൂപീഡിയ** എന്ന വെബ് വിജ്ഞാനകോശത്തിന്റെ പൂരകസംവിധാനമായാണ് വിക്കിപീഡിയ ആരംഭിച്ചത്. ജനകീയ പങ്കാളിത്തത്തിലൂടെ മാതൃവെബ്സൈറ്റിനെക്കാൾ പ്രശസ്തി കൈവരിക്കാൻ വിക്കിപീഡിയയ്ക്ക് സാധിച്ചു. ഇന്ന് ഇന്റർനെറ്റിൽ ഏറ്റവും പ്രശസ്തമായ പൊതു-അവലംബ ഉദ്യമമായി വിക്കിപീഡിയ കണക്കാക്കപ്പെടുന്നു.വിക്കിസോഫ്റ്റ്‌വെയർ എന്ന സംവിധാനമാണ് ഈ സ്വതന്ത്രവിജ്ഞാനകോശത്തിന്റെ അടിസ്ഥാനം.

**292 ഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. 5,790,896 ൽ അധിക ലേഖനങ്ങളുള്ളഇംഗ്ലീഷ് പതിപ്പാണ് .ഈ സംരംഭത്തിന്റെ മലയാളമടക്കം 20 ഇന്ത്യൻഭാഷകളിലും വിക്കിപീഡിയ .പ്രവർത്തിക്കുന്നു.**

# മലയാളം വിക്കിപീഡിയയുടെ ചിഹ്നം

# പി. സി. എച്. എസ്. പുല്ലൂപ്രം

പത്തനംതിട്ട നഗരത്തിത് റാന്നിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് .പ്രബോധചന്ദ്രോദയംഹൈസ്ക്കൂൾ പി.സി.ഹൈസ്ക്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. ടി ഡി നാരായണന് നമ്പ്യാതിരി-1936 ൽതോട്ടമണ്ണ് കേന്ദ്രമാക്കി സ്ഥാപിച്ച സംസ്കൃതവിദ്യാലയം ക്രാന്തദർശികളായ ഒരു വിഭാഗം വ്യക്തികളുടെ




അപേക്ഷയനുസരിച്ച് 1951 ൽ ശ്രീമാൻ ചിത്തിര തിരുനാൾ മഹാരാജാവു തുല്യം ചാർത്തി റാന്നി അങ്ങാടി പുല്ലൂപ്രത്തു മലയാളം സ്ക്കൂളായി പി.സി ഹൈസ്ക്കൂൾ പ്രവർത്തിക്കുവാൻ തുടങ്ങിട്ട് അരദശാബ്ദക്കാലം പിന്നിട്ടു


# നമ്മുടെ നാട്ടുമായി ബന്ധപ്പെട്ട ചില വിക്കിപീഡിയ പേജുകൾ

# റാന്നി താലൂക്ക്

പത്തനംതിട്ട ജില്ലയിലെ അഞ്ച് താലൂക്കുകളിൽ ഒന്നാണ് **റാന്നി**. മലയോര പ്രദേശമായ റാന്നി പമ്പയുടെ തീരങ്ങളിൽ ഒന്നാണ്. പത്തനംതിട്ടയിൽ നിന്നും ഏകദേശം 14 കി മീ ദൂരത്താണ് റാന്നി. പുനലൂർ - മൂവാറ്റുപുഴ ഹൈവെ ഇതുവഴി കടന്നു പോകുന്നു. റാന്നിയിൽ നിന്ന് 62 കി.മി. അകലെയാണ് സുപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ശബരിമല. റാന്നിയുടെ അതിരുകൾ മിക്കവയും വന പ്രദേശമാണ്. നൈസ്സർഗിക കാലാവസ്ഥ നിലനിർത്തുവാൻ ഇത് വളരെ അധികം സഹായിക്കുന്നു.

റബ്ബർ, കൊക്കകായ, നാളികേരം എന്നിവയുടെ കൃഷിയും വിപണനവുമാണ് ഇവിടത്തെ സമ്പദ് വ്യവസ്ഥിതിയെ നിയന്ത്രിക്കുന്നത്. 1983 ആഗസ്റ്റ് ഒന്നിനാണ് താലൂക്ക് രൂപീകരിച്ചത്. രൂപികരിച്ചിട്ട് 33 വർഷമായി.

### സ്ഥാനം

റാന്നി സ്ഥിതി ചെയ്യുന്നത്  9.38°N 76.81°E ആണ്. റാന്നിയുടെ തുംഗത 131 m (433 ft) സമുദ്ര നിരപ്പിന് മുകളിൽ ആണ് . പമ്പയുടെ ഇരുവശങ്ങളിലായി ഭൂപ്രദേശം പരന്നു കിടക്കുന്നു. സെൻസസ് ഇന്ത്യ പ്രകാരം, ഭൂപ്രദേശം 1,004.61 square kilometres

(387.88 sq mi). മഴവനം, ഇതിൽ 708 square kilometres (273.36 sq mi) അല്ലെങ്കിൽ 70% വനപ്രദേശമാണ്..

## പ്രധാനപ്പെട്ട സ്ഥലങ്ങൾ

റാന്നി അങ്ങാടി, ചിറ്റാർ, റാന്നി പഴവങ്ങാടി, റാന്നി പെരുന്നാട്, അയിരൂർ, കൊല്ലമുള, വടശ്ശേരിക്കര,അത്തിക്കയം, ചേത്തക്കൽ, ചെറുകോൽ

## ഗതാഗതം

പത്തനംതിട്ടയിൽ നിന്നും കെ.എസ്.ആർ.ടി.സി.യും പ്രൈവറ്റ് ബസ്സുകളും സർവീസ് നടത്തുന്നുണ്ട്. പത്തനംതിട്ടയിൽ നിന്നും കുമ്പഴ വഴിയും മൈലപ്ര വഴിയും കോഴഞ്ചേരി വഴിയും റാന്നിയിലെത്താം. ഏറ്റവും അടുത്തുള്ള റെയിൽവേ സ്റ്റേഷൻ ചെങ്ങന്നൂർ ആണ്. റാന്നിയിൽ ഒരു കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും കോഴഞ്ചേരി, തിരുവല്ല, എരുമേലി, കോട്ടയം, കട്ടപ്പന, കുമിളി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട്, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ബസ്സുകളുണ്ട്.

## ഭാഗമായ പഞ്ചായത്തുകൾ

- വെച്ചൂച്ചിറ
- അങ്ങാടി
- പഴവങ്ങാടി
- റാന്നി
- നാറാണമ്മൂഴി
- പെരുനാട്
- വടശ്ശേരിക്കര

വിക്കിപീഡിയ ലേഖനം - ൨

# റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

പത്തനംതിട്ടയിലെ,റാന്നി താലൂക്കിൽ പെട്ട ഒരു ഗ്രാമപഞ്ചായത്ത് ആണ് **റാന്നി അങ്ങാടി**. ഇംഗ്ലീഷ്; Ranni Angady. 30.72 ചതുരശ്ര കിലോമീറ്ററാണ് വിസ്തൃതി( 2073.94 ഹെക്ടർ ). 4 തോടുകൾ പലതരം ചെറിയ തോടുകൾ ആയി ചേർന്ന് പമ്പാനദിയിൽ പതിക്കുന്നു. 2073.94 ഹെക്ടർ ഭൂമിയുണ്ടെങ്കിലും 1830.42 ഹെക്ടർ സ്ഥലത്തു മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്: സുരേഷ്, വൈസ് പ്രസിഡന്റ് :ദീനാമ്മ സെബാസ്റ്റ്യൻ

## ചരിത്രം

1953 ലാണ് ഗ്രാമപഞ്ചായത്ത് സ്ഥാപിക്കപ്പെട്ടത്. റാന്നിയുടെ അങ്ങാടി സ്ഥിതിചെയ്യുന്ന സ്ഥലമായതിനാൽ ആകാം ഈ പേർ വന്നത്.

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ റാന്നി ബ്ളോക്ക് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്താണ് റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്. 30.72 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ വാർഡുകളുടെ എണ്ണം 13 ആണ്. പഞ്ചായത്തിന്റെ അതിരുകൾ വടക്ക് - വലിയകാവ് വനം, കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്ത്, കിഴക്ക് -പഴവങ്ങാടി പഞ്ചായത്ത് അതിർത്തിയും, തെക്ക്-പമ്പാനദി, പടിഞ്ഞാറ്-അയിരൂർ പഞ്ചായത്ത്, കൊറ്റനാട് പഞ്ചായത്ത് എന്നിവയാണ്. മദ്ധ്യ തിരുവിതാംകൂറിന്റെ സാമൂഹ്യസാംസ്കാരിക ചരിത്രത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള ഒരു ചെറു ഗ്രാമമാണ് റാന്നി അങ്ങാടി. മലകൾ, കുന്നുകൾ, താഴ്വരകൾ, നെൽപ്പാടങ്ങൾ, നദി, തോടുകൾ, വനം ഇവയെല്ലാം ഈ ചെറുഗ്രാമത്തിന്റെ മനോഹരിതയെ വർദ്ധിപ്പിക്കുന്നു. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിലുള്ള ഗ്രാമങ്ങളിൽ ഏറ്റവും ചെറിയ ഗ്രാമങ്ങളിലൊന്നാണിത്. കിഴക്കുഭാഗത്തു വലിയതോടും, പഴവങ്ങാടി പഞ്ചായത്തും, തെക്കു ഭാഗത്തു പുണ്യനദിയായ പമ്പയും, പടിഞ്ഞാറു ഭാഗത്ത് അയിരൂർ പഞ്ചായത്തും മല്ലപ്പള്ളി താലൂക്കിലെ കൊറ്റനാട്ടുപഞ്ചായത്തും വടക്ക് വലിയകാവ് വനവും മണിമല പഞ്ചായത്തുമാണ് ഗ്രാമത്തിന്റെ അതിർത്തികൾ. ഇവിടുത്തെ ജനങ്ങൾ

വിദ്യാസമ്പന്നരും അദ്ധ്യാനശീലരുമാണ്. ക്രിസ്തു വർഷം 1500-നോടടുത്ത് അങ്ങാടി മിക്കവാറും വനപ്രദേശമായിരുന്നു. ആനയും മറ്റ് ദുഷ്ടമൃഗങ്ങളുമുണ്ടായിരുന്നു. ജനസംഖ്യയും കുറവായിരുന്നു. കർത്താക്കൻമാർ പല പ്രദേശങ്ങളിൽ നിന്നായി കൃഷിക്കാരെയും, കൈത്തൊഴിൽക്കാരെയും കൊണ്ടുവന്നു താമസിപ്പിച്ചു. അടക്കായും, കുരുമുളകുമായിരുന്നു പ്രധാന നാണ്യവിളകൾ. അതിന്റെ കച്ചവടത്തിന് പാണ്ടിയിൽ നിന്നും സാർത്ഥവാഹകസംഘങ്ങൾ വന്നു. മലനാടിന്റെ റാണിയായ ഈ പ്രദേശത്തിന് റാന്നി എന്ന പേരു കൊടുത്തത് അവരാണ്. റാണി ക്രമേണ റാന്നിയായി രൂപാന്തരപ്പെട്ടു.

### ഭൂപടം

- രേഖാചിത്രം
- ഗൂഗിൾ മാപ്പ്

## പ്രധാന വിവരങ്ങൾ

ജില്ല: പത്തനംതിട്ട; ബ്ലോക്ക്: റാന്നി

- വിസ്തീർണ്ണം :30.72 ച. കി. മീ.
- ജനസംഖ്യ :15481
- പുരുഷൻമാർ :7661
- സ്ത്രീകൾ :7820
- ജനസാന്ദ്രത :504
- സ്ത്രീ : പുരുഷ അനുപാതം :1021
- മൊത്തം സാക്ഷരത :96.61
- സാക്ഷരത (പുരുഷൻമാർ ) :97.26
- സാക്ഷരത (സ്ത്രീകൾ ) :95.97

Source : Census data 2001

## മുൻ പ്രസിഡന്റുമാർ

- പി.എ.ചാക്കൊ
- സി.വി.തോമസ്
- അഡ്വ. എ.എസ്.സൈമൺ
- കെ.എസ്സ്.മത്തായി
- ജോർജ്ജി
- എലനിയാമ്മ ഷാജി
- ജോർളി മാത്യൂ
- ജേക്കബ് മാത്യൂ
- മെഴ്സി പാണ്ടിയത്ത്

## ഗ്രാമ പഞ്ചായത്ത് വാർഡുകൾ

ഈ ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളാണുള്ളത്.

### ജനപ്രതിനിധികൾ(2010)

പ്രസിഡന്റ്: മെഴ്സി പാണ്ടിയത്ത്

വൈസ് പ്രസിഡന്റ് :ബി.സുരേഷ്

| വാർഡ് നമ്പർ | വാർഡിന്റെ പേർ | വാർഡ് മെമ്പർ |
|---|---|---|
| 1 | നെല്ലിക്കമൺ | മേഴ്സി പാണ്ടിയത്ത് |
| 2 | ചവറം പ്ലാവ് | സിന്ധു ഗോപാലൻ |
| 3 | മണ്ണാരത്തറ | മറിയാമ്മ |

| | | |
|---|---|---|
| 4 | വലിയകാവ് | സുനിൽ ജോൺ |
| 5 | ഈട്ടിച്ചുവട് | മാത്യു ജോർജ്ജ് |
| 6 | പൂള്ളോലി | ജോളി ബാബു |
| 7 | അങ്ങാടി ടൗൺ | ബിന്ദു വളയനാട്ട് |
| 8 | കരിംകുറ്റി | ആഷാ തോമസ് |
| 9 | മേനാംതോട്ടം | ബേബി കുര്യാക്കോസ് |
| 10 | പുല്ലുപ്രം | സുരേഷ്.ബി |
| 11 | വരവൂർ | വിവിൻ മാത്യൂ |
| 12 | പൂവന്മല | ഇന്ദിര ഗോപിനാഥൻ |
| 13 | പുല്ലമ്പള്ളി | ശോശാമ്മ |

## ജനപ്രതിനിധികൾ(2015)

പ്രസിഡന്റ്: മാത്യു (ബാബു പുല്ലാട്ട്)

വൈസ് പ്രസിഡന്റ് :ദീനാമ്മ സെബാസ്റ്റ്യൻ

| വാർഡ് നമ്പർ | വാർഡിന്റെ പേർ | വാർഡ് മെമ്പർ |
|---|---|---|
| 1 | നെല്ലിക്കമൺ | മാത്യു (ബാബു പുല്ലാട്ട്) |
| 2 | ചവറം പ്ലാവ് | സിനി ഏബ്രഹാം |
| 3 | മണ്ണാരത്തറ | ഷിബു സാമുവേൽ |
| 4 | വലിയകാവ് | ദീനാമ്മ സെബാസ്റ്റ്യൻ |
| 5 | ഈട്ടിച്ചുവട് | അന്നമ്മ (കൊച്ചുമോൾ പൂവത്തൂർ) |
| 6 | പൂള്ളോലി | പി എം ഷംസുദ്ദീൻ |
| 7 | അങ്ങാടി ടൗൺ | സുരേഷ് ബി (സുരേഷ് ഹോട്ടൽ) |
| 8 | കരിംകുറ്റി | അൻസു എബ്രഹാം (കൈപ്പുഴ) |
| 9 | മേനാംതോട്ടം | പ്രീതാ |
| 10 | പുല്ലുപ്രം | ശാരിക |
| 11 | വരവൂർ | അനിത |
| 12 | പൂവന്മല | ആഷാ റ്റി തമ്പി |

13 പുല്ലമ്പള്ളി സോണി മാത്യു

## പ്രധാന സ്ഥലങ്ങൾ



വരവൂർ ജംഗ്ഷൻ

- റാന്നി അങ്ങാടി പഞ്ചായത്തിന്റെ തെക്കേ ഭാഗത്തു കൂടി പമ്പാനദി ഒഴുകുന്നു.
- മേനാതോട്ടം, പുളിമുക്ക്,പി.ജെ.ടി/മാർതോമ ആശുപത്രിപ്പടി ജംഗ്ഷൻ, പുല്ലൂപ്രം, നെല്ലിക്കമൺ, പൂവന്മല, വരവൂർ, തോട്ടുപുറം എന്നിവയാണ് പ്രധാന സ്ഥലങ്ങൾ.
- പുല്ലൂപ്രത്തും നെല്ലിക്കാമണ്ണിലും പോസ്റ്റ് ഓഫീസുകൾ ഉണ്ട്.
- പുല്ലൂപ്രം, ഉന്നക്കാവ്, നെല്ലിക്കമൺ, ഈട്ടിച്ചുവട് എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റോഫീസുകളും ആങ്ങാടിയിൽ സബ് പോസ്റ്റോഫീസും ഉണ്ട്. ഒരു പഞ്ചായത്തു മിനി സ്റ്റേഡിയവും ഉണ്ട്.
- വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സമഗ്ര ശിശുവികസന ഓഫീസ്, എന്നീ സ്ഥാപനങ്ങൾ റാന്നി പേട്ടയിൽ സ്ഥിതിചെയ്യുന്നു.
- റാന്നി ആർ. ടി. ഓ ഓഫീസ് പുളിമുക്കിലാണ്.

## അതിരുകൾ

- തെക്ക് - പമ്പാനദി
- വടക്ക് -വലിയകാവ് വനം, കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്ത് എന്നിവ

- കിഴക്ക് - റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്
- പടിഞ്ഞാറ് - അയിരൂർ ഗ്രാമപഞ്ചായത്ത്, കൊറ്റനാട് ഗ്രാമപഞ്ചായത്ത് എന്നിവ

## പ്രധാന മലകൾ

കരിങ്കുറ്റി മല,തൃക്കോമല,പൂവന്മല

## സ്ഥിതിവിവരക്കണക്കുകൾ(2001)

| വിസ്തീർണ്ണം(ച.കി.മി) | വാർഡുകൾ | ആൾ താമസമുള്ള ആകെ വീടുകൾ | ആകെ വീടുകൾ | ആകെ പുരുഷന്മാർ | ആകെ സ്ത്രീകൾ | ആകെ ജന സംഖ്യ | ജനസാന്ദ്രത | സ്ത്രീ പുരുഷ അനുപാതം | സാക്ഷ പുരു |
|---|---|---|---|---|---|---|---|---|---|
| 30.72 | 13 | - | - | 7661 | 7820 | 15581 | 504 | 1021 | 97.2 |

ആകെ ഭൂവിസ്തൃതി:2073.94 ഹെക്ടർ; കൃഷിയുള്ളത്:1830.42 ഹെക്ടർ.

## ആരോഗ്യമേഖല

സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം നെല്ലിക്കമണ്ണിൽ പ്രവർത്തിക്കുന്നു. ഈട്ടിച്ചുവട്, പുല്ലൂപ്രം എന്നിവിടങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ ഉണ്ട്. സ്വകാര്യമേഖലയിൽ (ക്നാനായ മെഡിക്കൽ മിഷൻ ആശുപത്രി, മേനാതോട്ടം, അങ്ങാടി, റാന്നി ; മാർത്തോമ്മാ മെഡിക്കൽ മിഷൻ ആശുപത്രി, അങ്ങാടി, റാന്നി )രണ്ടു ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഗവ.ആയുർവ്വേദ ആശുപത്രി ചെട്ടിമുക്കിൽ സ്ഥിതി ചെയ്യുന്നു. ഈട്ടിച്ചുവട് ഒരു മൃഗാശുപത്രിയുമുണ്ട്.

## ഗതാഗതം

റാന്നി - വെണ്ണിക്കുളം റോഡ്, റാന്നി - ചെറുകോൽപ്പുഴ റോഡ്, റാന്നി-വലിയകാവു റോഡ്, റാന്നി - മല്ലപ്പള്ളി റോഡ് തുടങ്ങിയവയാണു റാന്നി അങ്ങാടി പഞ്ചായത്തിൽക്കൂടി പോകുന്ന പ്രധാന റോഡുകൾ. കൂടാതെ താഴെപ്പറയുന്ന റോഡുകളും ഈ പഞ്ചായത്തിൽക്കൂടെ പോകുന്നു.

- തോട്ടപ്പുറം-പൂവന്മല റോഡ്
- വൃന്ദാവനം-മുക്കുഴി റോഡ്
- റാന്നി-മല്ലപ്പള്ളി റോഡ്
- ഏഴോലി റോഡ്
- കുലക്കുറ്റി റോഡ്
- മണ്ണാറത്തറ റോഡ്
- തുക്കോമല റോഡ്
- പൊന്തൻപുഴ ഫോറസ്റ്റ് റോഡ്
- റാന്നി ബൈപ്പാസ്
- പുളിമുക്ക്-ഉന്നക്കാവ് റോഡ്
- പേരൂർച്ചാൽ-വട്ടമല- പൊടിപ്പാറ റോഡ്
- വട്ടമല - തോട്ടപ്പുറം റോഡ്

പമ്പാ നദിക്കരയിൽ ഒരു പഴയ ബോട്ടുജെട്ടി സ്ഥിതിചെയ്യുന്നുണ്ട്.

## ഗവണ്മന്റ് ഓഫീസുകൾ

- സമഗ്ര ശിശുവികസന സേവന പദ്ധതി,ഓഫീസ്
- അങ്ങാടി, വില്ലേജ് ഓഫീസ്
- അങ്ങാടി, പഞ്ചായത്ത് ഓഫീസ്
- ആർ.ടി.ഒ. ഓഫീസ്
- വാട്ടർ അഥോറിറ്റി പമ്പ് ഹൗസ്
- കൃഷിഭവൻ

- വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്
- അങ്ങാടി പോസ്റ്റ് ഓഫീസ് 689674
- പുല്ലൂപ്രം പോസ്റ്റ് ഓഫീസ്
- ഉന്നക്കാവ് പോസ്റ്റ് ഓഫീസ്
- നെല്ലിക്കമൺ പോസ്റ്റ് ഓഫീസ്
- പുളിമുക്ക് ബോട്ട് ജെട്ടി

## റാന്നി-ആങ്ങാടി ഗ്രാമപഞ്ചായത്തിലെ ഗവണ്മെന്റ് /എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അങ്ങാടി പഞ്ചായത്തിൽ രണ്ടു സർക്കാർ സ്കൂളുകളേയുള്ളു. സ്വകാര്യ മേഖലയിൽ ആണ ഭൂരിപക്ഷം സ്കൂളുകളും

- ഹയർ സെക്കന്ററി
  - എബെനേസർ എച്ച്. എസ്. എസ്. ഈട്ടിച്ചുവട് (ക്ലാസുകൾ: 5-12)
- ഹൈസ്കൂളുകൾ
  - പി.സി.എച്ച്.എസ്. പുല്ലൂപ്രം (ക്ലാസുകൾ: 5-10)
- പ്രൈമറി സ്കൂളുകൾ
  - ഗവ.യു.പി.സ്കൂൾ.വരവൂർ,റാന്നി(ക്ലാസുകൾ: 1-7)
  - സെന്റ് തോമസ്.യു പി എസ്.അങ്ങാടി.(ക്ലാസുകൾ: 5-7)
  - ഗവ.എൽ.പി.എസ്.പുല്ലൂപ്രം.(ക്ലാസുകൾ: 1-4)
  - എൻ.എം.എൽ.പി.എസ്.മണ്ണാരത്തറ(ക്ലാസുകൾ: 1-4)
  - എം.റ്റി.എൽ.പി.എസ്.പൂവന്മല(ക്ലാസുകൾ: 1-4)

- എം.റ്റി.എൽ.പി.എസ്.വളകൊടികാവ്(ക്ലാസുകൾ: 1-4)
- എൻ.എം.എൽ.പി.എസ്.പുല്ലുമ്പള്ളി(ക്ലാസുകൾ: 1-4)
- എം.റ്റി.എൽ.പി.എസ്.കടവുപുഴ(ക്ലാസുകൾ: 1-4)
- എൻ.എം.എൽ.പി.എസ്. ഊട്ടുപാറ(ക്ലാസുകൾ: 1-4)
- എൻ.എം.എൽ.പി ഏഴോലി (ക്ലാസുകൾ 1-4)

## ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും

- സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, അങ്ങാടി
- അങ്ങാടി സർവീസ് സഹകരണ ബാങ്ക് (സ്ഥാപിതം-1948), അങ്ങാടി ജങ്ഷനിൽ സ്ഥിതിചെയ്യുന്നു.
- ഫെഡറൽ ബാങ്ക്, നെല്ലിക്കമൺ

## ഗ്രന്ഥശാലകൾ

പി.ജെ.റ്റി.മെമ്മോറിയൽ പബ്ലിക് ലൈബ്രറി.അങ്ങാടി

ഗ്രാമസേവിനി ലൈബ്രറി,നെല്ലിക്കമൺ

## വിനോദം/സംഘടന

- ഉപാസന സിനിമാ തിയേറ്റർ
- റാന്നിഫാസ്

## പൊതുജനസേവനാർഥമുള്ള മറ്റു സ്ഥാപനങ്ങൾ

ഗാസ് ഏജൻസി, റേഷൻ കടകൾ(വരവൂർ, പുല്ലുപ്രം, അങ്ങാടി, നെല്ലിക്കമൺ, )

## മത-സാംസ്കാരിക രംഗം

- അമ്പലങ്ങൾ(പുല്ലൂപ്രം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ശാലീശ്വരം ക്ഷേത്രം)
- ക്രിസ്ത്യൻ ദേവാലയങ്ങൾ: ക്നാനായ സഭയുടെ വല്യപള്ളി, സെന്റ് മെരീസ് ചർച്ച്, അങ്ങാടി, സെന്റ് മേരീസ് മഠം അങ്ങാടി, കാതൊലിക് ചർച്ച് വരവൂർ, മാർതോമാ പള്ളി, വരവൂർ, പൂവന്മല, നസ്റേത്ത് മർത്തോമ ഈട്ടിച്ചുവട്എന്നിവ പ്രധാന പള്ളികളാണ്.
- മുസ്ലിം ദേവാലയങ്ങൾ: റാന്നി പേട്ടയിൽ മുസ്ലിം പള്ളി സ്ഥിതിചെയ്യുന്നു.

## വിക്കിപീഡിയ ലേഖനം - ൩

# പേരൂർച്ചാൽ പാലം

**പേരൂർച്ചാൽ പാലം** പമ്പാ നദിയ്ക്ക് **കുറുകെ 1998 ൽ നിർമ്മിക്കാൻ തുടങ്ങിയ പാലമാണ്.** പമ്പാ നദിയുടെ **വടക്കൻ തീരത്തെ പേരൂർ കടവും തെക്ക് കീക്കൊഴൂർ കടവുമായി ബന്ധിച്ചാണ് ഈ പാലം നിർമ്മിക്കാൻ ഉദ്ദേശിച്ചത്. 18 വർഷത്തോളമായി പാലം പണിതുടങ്ങിയിട്ട്.**

## സ്ഥാനം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമത്തിൽ റാന്നിയിൽ നിന്നും 4 കിലോമീറ്ററും കോഴഞ്ചേരിയിൽനിന്നും 8 കിലോമീറ്ററും അകലെയാണ് പേരൂർച്ചാൽ എന്ന സ്ഥലം. പമ്പാ നദിയുടെ വടക്കേ കരയിലാണിത് സ്ഥിതിചെയ്യുന്നത്. ഇവിടെ പഴയ പേരൂർ ക്ഷേത്രം

സ്ഥിതിചെയ്യുന്നു. പമ്പാ നദിയുടെ മറ്റെ കര കീക്കൊഴൂർ ആണ്. പേരൂർ കടവും തെക്ക് കീക്കൊഴൂർ കടവുമായി ബന്ധിച്ചാണ് ഈ പാലം നിർമ്മിക്കാൻ ഉദ്ദേശിച്ചത്.

## പാലത്തിന്റെ നിർമ്മാണ രീതി

ശബരിമല ക്ഷേത്രത്തിലെ അയ്യപ്പന്റെ തിരുവാഭരണം വഹിച്ചുകൊണ്ടു പോകുന്ന തിരുവാഭരണപാത ഇതുവഴിയാണ് കടന്നുപോകുന്നത്. 2012 ൽ നിർമ്മാണം ആരംഭിച്ചു. പാലത്തിന്റെ ആകെ നീളം 159.60 മീറ്റർ ആണ്. പാലത്തിന്റെ വീതി നടപ്പാതയുൾപ്പെടെ 11.05 മീറ്ററാണ്. നദിയിൽ അഞ്ചു തൂണുകളും ഇരുകരകളിലും ഓരോ അബട്ട്മെൻറുകളുമാണ് നിർമ്മിക്കേണ്ടത്. പാലത്തിൻെറ സ്പാനുകൾ കരയിൽ നിർമിച്ചശേഷം ക്രെയിൻ ഉപയോഗിച്ച് അവ തൂണുകളിലും അബട്ട്മെൻറുകളിലും ഉറപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ എസ്റ്റിമേറ്റ് തുക 6.43 കോടി രൂപയാണ്.

## പാലത്തിന്റെ പ്രാധാന്യം

തിരുവാഭരണപാതയിലുള്ള പാലം എന്ന പ്രധാന്യത്തെക്കൂടാതെ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന രണ്ടു പ്രദേശങ്ങളെതമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ്.

വിക്കിപീഡിയ ലേഖനം - ൪

# തിരുവാഭരണപാത

വിക്കിപീഡിയ, ഒരു സ്വതന്ത്ര വിജ്ഞാനകോശം.

കേരളത്തിലെ പ്രമുഖ തീർത്ഥാടനകേന്ദ്രമായ ശബരിമലയിലെ പ്രതിഷ്ഠയാണ് അയ്യപ്പൻ. അയ്യപ്പന്റെ വിഗ്രഹത്തിൽ മകരവിളക്കുത്സവസമയത്ത് ചാർത്തുന്നതിനുള്ള ആടയാഭരണങ്ങളാണ് തിരുവാഭരണം. ഇവ സൂക്ഷിച്ചിരിക്കുന്നത് ഐതിഹ്യപ്രസിദ്ധമായ പന്തളത്തിലാണ്. പന്തളത്തുനിന്നും 83 കിലോമിറ്റർ ദൂരമുള്ള തിരുവാഭരണപാതയിലൂടെയാണ് തിരുവാഭരണം ശബരിമലയിൽ എത്തിക്കുന്നത്. പന്തളം കൊട്ടാരത്തിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ വലിയകോയിക്കൽ ശാസ്താക്ഷേത്രത്തിൽനിന്നുമാണ് തിരുവാഭരണ ഘോഷയാത്ര ഈ പാതയിലൂടെ കടന്നുപോകുന്നത്.

കൈപ്പുഴ, കുളനട, ഉള്ളന്നൂർ, പറയങ്കര, കുറിയാനിപ്പള്ളി, കുടുവെട്ടിക്കൽ, കാവുംപടി, കിടങ്ങന്നൂർ, ആറൻമുള,വഴി ആദ്യം പുതിയകാവു ദേവീക്ഷേത്രത്തിലെത്തും തുടർന്ന്, അടുത്തദിവസം അയിരൂർ, പേരൂർച്ചാൽ, കീക്കൊഴൂർ, അയിക്കൽ, പുളിക്കമൂഴി, കുത്തുകല്ലിൻപടി, മന്ദിരം, ഇടക്കുളം, വടശ്ശേരിക്കര, മാടമൺ, പെരുനാട്, പുതുക്കട വഴി ളാഹയിലെത്തും അടുത്ത ദിവസം വീണ്ടും യാത്ര തുടർന്ന്, പ്ലാപ്പള്ളി, ഇലവുംകൽ, നിലയ്ക്കൽ, അട്ടത്തോട്, കൊല്ലമൂഴി, വെള്ളച്ചിമല, ഏറ്റപ്പെട്ടി, ഓളിയംപുഴ, വലിയാനവട്ടം, ചെറിയാനവട്ടം, നീലിമല, അപ്പാച്ചിമേട്, ശരംകുത്തി വഴി ശബരിമല സന്നിധാനത്ത് എത്തുന്നു.



ആറന്മുള ക്ഷേത്രം

## തിരുവാഭരണപാതയുടെ ഇപ്പോഴത്തെ അവസ്ഥ

പരമ്പരാഗതമായ തിരുവാഭരണപാത പലയിടത്തും കയ്യേറിയിട്ടുണ്ടായിരുന്നു. തിരുവാഭരണപാത വീണ്ടെടുക്കാനായി തിരുവാഭരണപാത സംരക്ഷണ സമിതിയും ദേവസ്വം ബോർഡും പ്രവർത്തിച്ചുവരുന്നുണ്ട്. പരമ്പരാഗതമായ തിരുവാഭരണപാത ഈ അടുത്ത കാലത്താണ് വീണ്ടെടുത്തത്. എന്നാൽ തടസ്സങ്ങൾ പൂർണ്ണമായും നീങ്ങിയിട്ടില്ല. വഴി പലയിടത്തും ശരിയാക്കിയെങ്കിലും, പലയിടത്തും നദി കടന്നുവേണം പോകാൻ. പേരൂർച്ചാൽ പാലം പേങ്ങാട്ടുകടവു പാലം ഇവ ഇതുവരെ പണി തീർന്നിട്ടില്ല. അയിരൂർ ചെറുകോൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പേരൂർച്ചാൽ പാലം ഇതിനു 156 മീറ്റർ നീളവും 7.5 മീറ്റർ വീതിയുമുണ്ട്. ഈ പാതയിലുള്ള പേങ്ങാട്ടുകടവു പാലം 77 മീറ്റർ നീളവും 5 മീറ്റർ വീതിയുമുള്ളതാണ്. കക്കാട്ടാറിനു കുറുകെയാണിതു നിർമ്മിക്കുന്നത്.

### വിക്കിപീഡിയ ലേഖനം - 8

# വരവൂർ, പത്തനംതിട്ട

വിക്കിപീഡിയ, ഒരു സ്വതന്ത്ര വിജ്ഞാനകോശം

***വരവൂർ*** *എന്ന വാക്കാൽ വിവക്ഷിക്കാവുന്ന ഒന്നിലധികം കാര്യങ്ങളുണ്ട്. അവയെക്കുറിച്ചറിയാൻ* ***വരവൂർ (വിവക്ഷകൾ)*** *എന്ന താൾ കാണുക.*

റാന്നി അങ്ങാടി പഞ്ചായത്തിലെ 11 വാർഡ് ആണ് വരവൂർ. [1] പമ്പാനദിയുടെ തീരത്താണ് മലകൾ നിറഞ്ഞ ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. രണ്ടു പ്രധാന മലകളും മലകൾക്കിടയിലെ താഴ്വാരത്ത് ചതുപ്പു പ്രദേശവുമാണ്. ഇവിടെ മുൻപ് നെൽകൃഷി ഉണ്ടായിരുന്നു. ഇപ്പോൾ മറ്റു കൃഷികൾ

ചെയ്തുവരുന്നു. ജനങ്ങൾ കൂടുതലും കർഷകർ ആകുന്നു. റബ്ബർ, തെങ്ങ്, വാഴ, കപ്പ, ചേന, ചേമ്പ് എന്നിവയും പച്ചക്കറികളും കുറച്ചുസ്ഥലത്ത് വെറ്റിലയും കൃഷി ചെയ്യുന്നു. 3 തോടുകൾ,ഒരു മൂന്നു സെന്റ് കോളണിയും ഉണ്ട്. പമ്പാനദിയുടെ ഈ കരയിൽ മുൻപ്, കടത്തുണ്ടായിരുന്നു. പഞ്ചായത്തു വകയായിരുന്നു കടത്തുവള്ളം.

വാർഡ് മെംബർ: അനിതാഭായി[2]

പമ്പാ നദി

## ഉള്ളടക്കം


- 1 സ്ഥാനം
- 2 പ്രധാന സ്ഥലങ്ങൾ
- 3 പ്രധാന റോഡുകൾ
- 4 പ്രധാന സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം
- 5 സ്ഥാപനങ്ങൾ
- 6 മുൻ മെംബർമാർ
- 7 റഫറൻസ്


## സ്ഥാനം

9.3674975, 76.7699075

- http://wikimapia.org/#lang=en&lat=9.367498&lon=76.769907&z=16&m=b&search=varavoor%20ranni
- ആകെ ജനങ്ങൾ: ആയിരത്തോളം

- ആകെ വീടുകൾ:

## പ്രധാന സ്ഥലങ്ങൾ



വരവൂർ ജംഗ്ഷൻ

- തോട്ടുപുറം (കലായിപ്പടി)
- ചേലക്കാട്ടു തടം
- വരവൂർ സ്കൂൾ പടി
- പള്ളിപ്പടി
- റേഷൻ കട

## പ്രധാന റോഡുകൾ



റാന്നി റിങ്ങ് റോഡ്

- റാന്നി - കോഴഞ്ചേരി റോഡ്
- റാന്നി-പേര്രൂർച്ചാൽ-പ്ലാങ്കമൺ റോഡ്
- കാലായിപ്പടി-കൊച്ചുപറമ്പിൽപ്പടി റിങ്ങ് റോഡ്
- വരവൂർ സ്കൂൾ-പൂവന്മല റോഡ്

## പ്രധാന സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം

റാന്നി-3 കി.മീ.; കോഴഞ്ചേരി-9 കി.മീ.; പത്തനംതിട്ട-21 കി.മീ.; തിരുവല്ല-25 കി.മീ.; പുല്ലൂപ്രം-1.5 കി.മീ.; പൂവന്മല-2.5 കി.മീ.

## സ്ഥാപനങ്ങൾ

വരവൂർ,ഗവൺമെന്റ് യു.പി.സ്കൂൾ, രണ്ട് അംഗൻവാടികൾ, ജനവിദ്യാ കേന്ദ്രം, റാന്നി അങ്ങാടി പഞ്ചായത്തിന്റെ ക്ലസ്റ്റർ റിസോഴ്സ് സെന്റർ, റേഷൻ കട എന്നിവ ഉണ്ട്.

## മുൻ മെംബർമാർ

- ലീലാമ്മ ഈശോ
- സോമശേഖരൻ നായർ
- ടെസ്സി ബിനു
- വിവിൻ മാത്യൂ

**Kannan's Poster on NATURE**


# Save nature
# and
# Stop deforestation







# save
# animals



# Protect Ecosystem

**QUOTABLE QUOTES**

# ENGLISH QUOTES

**1,If you want something different,you are to have to have to do something different**

**jack canfield**

**2,You have to believe in yourself when no one trust you**




*"നാണിച്ചുനില്ക്കുന്ന*
*നിൻമുഖം കണ്ടപ്പോൾ*
*മൗനത്തിൻസംഗീത-*
*മെന്നുതോന്നി.*
*നിൻമാറിലെൻ കാ-*
*തണച്ചുനില്ക്കേ,യതിൻ*
*സ്പന്ദനതാളം ഞാൻ*
*തൊട്ടറിഞ്ഞു.*
*പിന്നെ,യാരോഹാവ-*
*രോഹങ്ങളാർന്നൊരു*
*സിംഫണി യായ് നാ-*
*മൊഴുകിടുന്നു! "*

***- ഒ. എൻ. വി. കുറുപ്പ്***



# On a school day



***I*** *hold a text*

*the one of study*

*to see myself not*

*only as a student*

*But to feel the*

*luminious opportunities*

*and the wonders of*

*development*

*so as my educative life*

*flight fling away,when*

*I started thinking of my own*

*Textbooks never made enough anymore*

*pencil runs away thus.*

*When I started thinking*

**The cat** **sreedevi.s**



**ചിത്രം എടുത്തത് : അഭിജിത്ത് ജെ.**


# QUOTABLE QUOTES from Great People

# QUOTABLE QUOTES



“Children must be taught how to think, not what to think.”
— Margaret Mead

tags: children, education, judgement, mentoring, reasoning 3294



“So many books, so little time.”
— Frank Zappa

tags: books, humor



“Education is the most powerful weapon which you can use to change the world.”
— Nelson Mandela



“Children must be taught how to think, not what to think.”
— Margaret Mead


tags: children, education, judgement, mentoring, reasoning 3294



“You educate a man; you educate a man. You educate a woman; you educate a generation.”
— Brigham Young

“Great leaders create more leaders, not followers.”
— Roy T. Bennett, The Light in the Heart


“Believe in yourself. You are braver than you think, more talented than you
— R



“Don’t walk in front of me… I may not follow
Don’t walk behind me… I may not lead
Walk beside me… just be my friend”
— Albert Camus



"If you want to know what a man's like, take a good look at how he treats his inferiors, not his equals."
— J.K. Rowling, Harry Potter and the Goblet of Fire



"Two things are infinite: the universe and human stupidity; and I'm not sure about the universe."
— Albert Einstein



"Don't cry because it's over, smile because it happened."
— Dr. Seuss



"There is nothing either good or bad, but thinking makes it so."
— William Shakespear, Hamlet

tags: philosophy 6693 like



"Never doubt that a small group of thoughtful, committed, citizens can change the world. Indeed, it is the only thing that ever has."
— Margaret Mead

**(Collected by Niharika)**

# Hindi Poem

# मरना

लोग
मरने के बाद
कुछ नहीं सोचता
लोग




मरने के बाद
कुछ नहीं बोलता
कुछ नहीं सोचने
भीर कुछ नहीं बोलने पर
लोग मर जाता है

# ***ENVIRONMENT ORGANISATION***

***why was w. w. f formed ?***

***In 1960 , there nowned British biologist sir sir Julian Huxley returned from a research trip to Africa deeply shaken by what he had seen .He was appalled by the uncontrolled destruction of nature and the hunting of endangered species. He feared that if these were not checked, many species would become extinct within a matter of years Huxley shared his concerns with fellow scientists and other prominent personalities. They agreed to start an international organisation with the scientific, technical and financial resources to fund and conduct***

***conservation efforts around the globe .The following year, world wild life fund,or w.w.f was created , with Huxley and sir peter Scott,the noted ornithologist and artist who created the panda logo among its founding members . Over the following four decades , the world wild life fund has grown into the largest privately financed international conservation organisation in the world. In 1986,the world wild life fund adopted the name of world wide fund for Nature.wwf Field staff work on projects in more than 100 countries, backed by teams of scientist and policy experts in national offices around the world.***

***(collected by Abhijith.j)***

## The Fox And The Grapes

**On a hot summer day, a fox comes upon an orchard and sees a bunch of ripened grapes. It thinks: "Just what I need to quench my thirst." It moves back a few paces, runs, and jumps but falls short of reaching the grapes. It tries in different ways to reach the bunch of grapes, but in vain. It finally gives up, and says to himself "I am sure they are sour anyway."**

**Moral: It is easy to despise what you cannot get your hands on.**


(Fable Collected by Kannan. M. S, illustration from net)

കവിത

# പ്രകൃതി സംരക്ഷണം

പച്ചപ്പുടവ  ചുറ്റിയൊരുങ്ങിയ
കൊച്ചൊരു സ്വർഗമാണെൻ കേരളം
മരതക  മാലകളണിഞ്ഞ്
പൊട്ടിച്ചിരിച്ചു നിൽക്കും വൻമലകൾ
പുഴകൾ,തോടുകൾ,അരുവികൾ എല്ലാം
കൊലുസുമിട്ടങ്ങൊഴുകുന്നു
നാടിന് നന്മകൾ പകർന്നുകൊണ്ട്
ഉദിച്ചുപൊങ്ങി സൂര്യദേവൻ
കൈകളിലങ്ങനെ ഉരസിനീങ്ങും
തേന്മണം നുകരും തേൻകാറ്റ്
പൊട്ടിയ മരതകമാലയണിഞ്ഞ് അവശനായ
വന്മലകൾ
ഇരുട്ടുവിതറി തിന്മകൾ ചെയ്ത് പ്രകൃതി അങ്ങനെ നശിക്കുന്നു

- അഭിജിത്ത്. ജെ



# KATHAKALI, The Art form of KERALA

***Kathakali (Malayalam: കഥകളി) is one of the major forms of classical Indian dance. It is a "story play" genre of art, but one distinguished by the elaborately colorful make-up, costumes and facemasks that the traditionally male actor-dancers wear.***

***-Abhijith J.***



കഥ

# ഞാൻ കല്ല് ; എന്റെ കഥ

## നിഹാരിക. ജെ

**ഞാ**ൻ കല്ലാണ്. എന്റെ കഥ നിങ്ങൾക്കറിയാമോ?

എന്നാൽ ഞാൻ എന്റെ കഥ പറയാം. പണ്ട് ഞാൻ എന്റെ അമ്മയായ ഹിമാലയത്തിന്റെ മാറിൽ പറ്റിച്ചേർന്നു കിടക്കുകയായിരുന്നു. അന്നൊരിക്കൽ ഒരു ഭീകരമായ മഴ വന്നു. അതോടെ ഞാൻ അമ്മയുടെ മാറിൽ നിന്നും അടർന്നു വീണു. എനിക്ക് എന്റെ അമ്മയെ വിട്ടുപോയതിൽ മനഃപ്രയാസമുണ്ടായിരുന്നു.



അങ്ങനെ ഞാൻ ഉരുണ്ടുരുണ്ട് നദിയിലെത്തിച്ചേർന്നു. അമ്മയിൽനിന്നും പിരിഞ്ഞുപോയപ്പോൾ എന്റെ ശരീരം കൂർത്തതും പരുപരുത്തതുമായിരുന്നു. നദിയിലെത്തിയതും എന്റെ ഭാരംകൊണ്ട് ഞാൻ നദിയുടെ അടിത്തട്ടിലേയ്ക്കുപോയി. നദിയുടെ ശക്തമായ ഒഴുക്കുമൂലം അടിത്തട്ടിലൂടെ ഉരുണ്ടുരുണ്ട് ഞാൻ ഒരു മിനുസമുള്ള പാറക്കഷണമായി മാറി. കൂർത്ത പ്രതലങ്ങളെല്ലാം തേഞ്ഞുപോയിരുന്നു. ആദ്യം ഉരുളുമ്പോൾ വേദനിച്ചെങ്കിലും

മീനുകളെയൊക്കെകണ്ട് മതിമറന്ന് ഒഴുകിയതുകൊണ്ട് വേദന ഓർത്തില്ല. അങ്ങനെ ഞാനൊഴുകി കടലിലെത്തി. നദിയേക്കാൾ മനോഹരമായിരുന്നു കടൽ. വർണ്ണശബളമായ പവിഴപ്പുറ്റുകളും ചിത്രച്ചിപ്പികളും. അവിടം ഒരു സ്വർഗ്ഗമായിരുന്നു. ഒരുപക്ഷേ, ഹിമാലയ അമ്മയുടെ മാറിൽത്തന്നെ ഇരുന്നാൽ ഈ കാഴ്ചകളൊന്നും കാണാൻ കഴിയില്ലായിരുന്നു എന്ന് എനിക്കപ്പോൾ തോന്നി. ഞാൻ അങ്ങനെ ഓർക്കവേ ഒരു മീൻ വന്ന് എന്നെ തട്ടിയിട്ടിട്ടുപോയി. അവസാനം തിരയിൽപ്പെട്ട് ഞാനീ തീരത്തെത്തി. അങ്ങനെ ഞാൻ മറ്റു കല്ലുകളുടെ കൂട്ടത്തിൽ പെട്ടു. ഒരു പെൺകുട്ടി വന്ന് എന്നെ എടുത്ത് അവളുടെ വീട്ടിൽ കൊണ്ടു വച്ചു. അവളുടെ പഠനമുറിയിലെ മേശയിലാണ് ഞാനിപ്പോൾ. എന്നാലും സന്തോഷവാനാണ് ഞാൻ.

# പ്രളയം വന്നതിന് ഉത്തരവാദി ആര് ?

മാന്യസദസിന് എൻെ വന്ദനം

ഞാൻ ഇന്ന് നിങ്ങളോട് പങ്കുവയ്ക്കാൻ പോകുന്ന വിഷയം പ്രളയം വന്നതിന് ഉത്തരവാദി ആര്? നമ്മൾ പ്രകൃതിയോട് ചെയ്യുന്ന കൊടും ക്രൂരതയ്ക്കുള്ള വിപരീതഫലമാണ് പ്രളയമായി നമ്മുടെ കൺമുന്നിൽ എത്തിയത്. കാരണം പ്രകൃതി എന്നത് സർവം സഹയാണ്.മാതൃത്വത്തിന്റെ മഹാശക്തിയാണ്,അത് സർവരുടേയും അമ്മയാണ്.ആ അമ്മയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.എന്നാൽ നമ്മൾ ചെയ്യുന്നതോ നമ്മുടെ ആഡംബരജീവിതത്തിന് വേണ്ടി നാം അവയെ നശിപ്പിക്കുന്നു.ഈ പ്രവൃത്തിയിലൂടെ തന്നെ നമ്മുക്ക് അനുമാനിക്കാം ഈ പ്രളയത്തിന് കാരണക്കാരൻ മനുഷ്യരാണെന്ന്.അതുകൊണ്ട് തന്നെ നിങ്ങൾ മനസിലാക്കുക പ്രകൃതി എന്നത് എന്തും ചെയ്യാനുള്ള ഒരു കോട്ടക അല്ല. അത് മനുഷ്യരുടെ മാത്രം വാസസ്ഥലം അല്ല.പ്രകൃതിയിലെ സർവചരാചരങ്ങളുടേയും വാസസ്ഥലം കൂടിയാണ്.പ്രകൃതിയാകുന്ന അമ്മയുടെ മടിത്തട്ടിലെ കുഞ്ഞുങ്ങളാണ് നാം എല്ലാം......ഇനിയും എങ്കിലും ആ പ്രകൃതിയെ നാം നശിപ്പിക്കതിരിക്കുക.ഇനിയും മനുഷ്യന് പാഠം പഠിച്ചിട്ടില്ലെങ്കിൽ ഇനിയും ഭീകരമായ പ്രകൃതി ദുരന്തങ്ങൾ നാം അതിജീവിക്കേണ്ടി വരും...ആയിരകണക്കിന് പേരുടെ ജീവൻ നാം ചെയ്യുന്ന ക്രൂരതയ്ക്ക് ബലിനൽക്കേണ്ടി വരും...തീർച്ച....

പ്രകൃതിയെ സംരക്ഷിക്കു...ജീവൻ രക്ഷിക്കു......

നന്ദി.........................അപർണ്ണ വിശ്വനാഥ്

# *Send Me An  Angel*



The wise man said just walk this way
To the dawn of the light
The wind will blow in to your face
As the years pass you by

Hear this voice from deep inside
it,s the call of your heart
close your eyes you will find the
passage
out of the dark

Here I am will you send me an angel
here I am
in the land of the morning star

The wise man said just find your place
in the eye of the storm
seek the roses along the way
just beware of the thorns

Here I am will you send me an angel
here I am
in the land of the morning star

The wise man said just raise your hand
and  reach out for the spell
find the door to the promised land
just believe in your self

Hear this voice from deep inside
its the call of your heart
close your eyes and you will find
The way out of the dark    - Scorpions

# राग गौरी पद



मैया मोहिं दाय बहुत खिझायो

मोसों कहत मोल को लीनो तोहि जसुमति कब जायो

कहा कहौं वहि रिसि के मारे खेलन हौं नहिं जातु

पुनि पुनि कहत कौन है माता को है तुमरो तातु

गोरे नंद जसोदा गोरी तुम कत सयाम सरीर

चुटकी दै दै हँसत गवाल सब सिखै देत बलवीर

तू मोही को मारन सीखी दायहि कबहुँ न खीझै

सुरहु कानह बलभद् चवाये जनमत ही को धूत

'सूर' सयाम मोहि गोधन की सौं हौं माता तू पूत

सुरदास

# ഗാന്ധിസാഹിത്യസംഗ്രഹം (ഗാന്ധിജി)

**ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം. നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ച നോക്കിയാൽ മതി. നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ,നിസ്സഹായനായ മനുഷ്യൻടെ മുഖം സങ്കൽപിച്ച നോക്കുക. എന്നിട്ട നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ച നോക്കുക. അതുകൊണ്ട് അയാൾക്ക് എൻതെങ്കിലും നോട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെമേൽ എൻതെങ്കിലും ഒരു നിയന്ത്ര ഉണ്ടാക്കിക്കൊടുക്കുമോ മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണി കിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോയ? അപ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.**

**- കണ്ണൻ എം. എസ്.**

# മദ്യവും മയക്കുമരുന്നും

ജീവിതം എത്ര മനോഹരമാണ്.എത്ര വിലപ്പെട്ടതാണ്.അത് നശിപ്പിച്ചു കളയാൻ വിവേകമുള്ള ആരും തയ്യാറാവില്ല.മനുഷ്യർ മദ്യത്തിനും മയക്കുമരുനിന്നും അടിമകളായി അവരുടെ ജീവിതം നശിപ്പിക്കുന്നു.എത്ര കടുത്ത അവിവേകം.ഹീനമായ പ്രവൃത്തി..... തെറ്റായ ധാരണകൾ യുവാക്കളെ മദ്യത്തിനും മയക്കുമരുന്നിനും അടിമയക്കുന്നു..മദ്യപാനം ആനന്ദം തരുന്നു എന്നാണ് ഒരു ധാരണ.യുവാക്കൾ ഒത്തുചേരുമ്പോൽ ആഘോഷിക്കാൻ മദ്യം കഴിക്കണമെന്ന് മറ്റോന്ന്.മദ്യവും മയക്കുമരുന്നും താൽക്കാലികമായി ലഹരി തരുന്നു.എന്നാൽ പിന്നീട് ഇതിന് നമ്മൾ അഡിറ്റ് ആകുന്നു.അവയുടെ അടിമകളാകുന്നു.ജീവിതം നരകമാകുന്നു.ഈ ദുശ്ശീലങ്ങൾ തുടങ്ങിയിട്ട് നിർത്താനല്ല ശ്രമിക്കേണ്ടത്.തുടങ്ങാതിരിക്കുകയാണ് ഏറ്റവും നല്ല വഴി.വീട്ടിലെ അംഗങ്ങൾ തമ്മിൽ നല്ല സ്നേഹബന്ധം നിലനിർത്തുക.ഒന്നിച്ച് ഭക്ഷണം കഴിക്കുക.എല്ലാ പ്രശ്നങ്ങളും കുടുബാംഗങ്ങളുമായി പങ്കുവയ്ക്കുക.അത്തരം ഒരു അന്തരീക്ഷത്തിൽ ലഹരിയ്ക്ക് പുറകെ പോകാൻ ആർക്കും കഴയില്ല.വേണ്ടത് ഉറച്ച തീരുമാനം.അവ ഒഴിവാക്കുക.

അപർണ്ണ വിശ്വനാഥ്
IX



# അത്യാഗ്രഹം ആപത്ത്

പരിഷ്കാരിയും പൊങ്ങച്ചക്കാരിയും ആയ പൊന്നമ്മച്ചേച്ചി ഒരു ചെരിപ്പുകടയിൽ കയറി. "എനിക്ക് നന്നായി ചേരുന്ന പുതിയ ചെരിപ്പുകൾ വേണം," അവർ കടക്കാരനോട് പറഞ്ഞു. കാലിൽ കിടന്ന ചെരിപ്പുകൾ ഊരി മാറ്റിയിട്ടിട്ട്, കടക്കാരൻ കാണിച്ച ചെരിപ്പുകൾ ഓരോന്നായി അവർ കാലിൽ ഇട്ടുനോക്കി. ഒത്തിരി എണ്ണം പരീക്ഷിച്ചിട്ടും അവർക്ക് ചേരുന്ന ചെരുപ്പ് കിട്ടിയില്ല. ഒടുവിൽ, അല്പം മാറിക്കിടന്ന ഒരു ജോടി ചെരിപ്പിൽ കാൽ കയറ്റിയപ്പോൾ കൃത്യം. "ഇത് കൊള്ളാം. അളവും ഡിസൈൻ- ഉം എനിക്ക് ഇഷ്ടപ്പെട്ടു. ഇതിന് എന്താണ് വില?" അവർ ചോദിച്ചു.

കടക്കാരൻ ചിരിച്ചുകൊണ്ട് പറഞ്ഞു, "അയ്യോ, മാഡം, അതിന് ഒന്നും തരേണ്ട. ഫ്രീ ആയി എടുത്തുകൊള്ളൂ. മാഡം ഇവിടേക്ക് കയറി വന്നപ്പോൾ കാലിൽ കിടന്ന ചെരുപ്പുകൾ ആണ് അത്." ചമ്മലോടെ അവർ പുറത്തേക്കു പോയപ്പോൾ കടക്കാരൻ ഓർത്തു, "പലപ്പോഴും നമുക്ക് ഏറ്റവും പറ്റിയ സാമഗ്രികളും സാഹചര്യങ്ങളും തള്ളിക്കളഞ്ഞിട്ടാണ് നാം പുതിയവ തേടിപ്പോകുന്നത്!"

Prof. Dr. Babu Philip, http://www.moral-stories.com , http://christian.moral-stories.com

***അഭിജിത്ത്. ജെ***

## ബ്രൗണിന്റെ റയിൽവേ



അടിമകൾ ഒരിക്കലും സ്വതന്ത്രരാവരുത് അതായിരുന്നു 19-ാം നൂറ്റാണ്ടിൽ തെക്കേ അമേരിക്കയിലെ തോട്ടമുടമകളുടെ ആഗ്രഹം. രക്ഷപ്പെടാൻ ശ്രമിക്കുന്ന അടിമകൾക്ക് അമേരിക്കയിലെ തെക്കൻ സംസ്ഥാനങ്ങളിൽ കനത്ത ശിക്ഷ നൽകിപ്പോകുന്നു . എന്നാൽ, വടക്കുള്ള കാനഡയിലും മറ്റും അടിമകളോട് അല്പംകൂടി ദയ കാണിച്ചിരുന്നു

തെക്കേ അമേരിക്കയിൽ നിന്ന് അടിമത്തം തുടച്ചുനീക്കണമെന്ന് അഗ്രഹിച്ച ഒരു മനുഷ്യസ്നേഹിയാണ് ജോൺ ബ്രൗൺ. രക്ഷപ്പെടുന്നതിനായി ഇദ്ദേഹം ഒരു സംഘടനയുണ്ടക്കി. അണ്ടർ ഗ്രണ്ട് റെയിൽവേ എന്നാണ് ഇത് അറിയപ്പെട്ടത്. അടിമകളോടുള്ള ക്രൂരതയിൽ പ്രതിഷേതിച്ച് ജോണും സംഘവും ഹാർപേർസ് ഫെറിയിലുള്ള ഒരു സർക്കാർ ആയുധപ്പുര ആക്രമിച്ചു. 1859 ഒക്ടോബറിലായാരുന്നു ഇത്. അപ്പോൾ തന്നെ ഇവർ പിടിയിലായി. ജോണിനെ പിന്നീട് തൂക്കിക്കൊന്നു.

\- കണ്ണൻ എം. എസ്

# അഞ്ചു വിരലുകൾ

ഒരിക്കൽ ഒരു കൈയിലെ 5 വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു, "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം." ചൂണ്ടുവിരൽ വാദിച്ചു, "എന്തിനെയും ചൂണ്ടിക്കാണിക്കാനും, 'ഒന്നാമത്' എന്നു സൂചിപ്പിക്കാനും ഞാൻ വേണം." നടുവിരൽ പറഞ്ഞു, "നീളത്തിൽ ഞാനാണ് ഒന്നാമൻ - ജന്മനാ നേതാവ്!" അണിവിരൽ അവകാശപ്പെട്ടു, "വിവാഹമോതിരം അണിയുന്നത് ഞാൻ ആണ്. കുടുംബത്തിന്റെ കിരീടവും, സ്നേഹത്തിന്റെ പ്രതീകവും ആണ് മോതിരം." ചെറുവിരൽപറഞ്ഞു, "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്. കൈ തൊഴുമ്പോൾ ഞാൻ ആണ് മുൻപിൽ നിൽക്കുന്ന നേതാവ്." അവസാനം, കൈയുടെ ഉടമസ്ഥൻ പറഞ്ഞു, "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രധാനവും പ്രിയങ്കരവും ആണ്. ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ, ഒത്തുശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും."

Prof. Dr. BabuPhilip, http://www.moral-stories.com, http://christian.moral-stories.com

**- അഭിജിത്ത് ജെ**

# ***A.P.J ABDUL KALAM***

***A.P.J. Abdul Kalam, in full Avul Pakir Jainulabdeen Abdul Kalam, (born October 15, 1931, Rameswaram, India—died July 27, 2015, Shillong), Indian scientist and politician who played a leading role in the development of India's missile and nuclear weapons programs. He was president of India from 2002 to 2007.***



# JAI HIND




**India is the largest democracy in the world. Our democracy is so powerful and vibrant that it has thrown up a diverse spectrum of personalities to lead our nation. Some of these were great states men, scholars and economists. Other were politicians, adept at the subtle art of diplomacy and statecraft.**

**Though they walked along different road, they all had the same aim –to lead India on the path of progress.**

**by pavithra pramod**

# KEY BOARD





**മലയാളം ലേ - ഔട്ട്**




- പവിത്ര പ്രമോദ്

# Red Data Book




***The IUCN or international union for the conservation of nature and and natural resources maintains an international list of species facing extinction , published as the Red data book .The species are classified into different categories according to the risk they face . Each Red data book usually deals with a specific group of animals or plants ,whether they be reptiles , insects or mosses. Red data books are now being published in many diffrent countries***

***(collected by Abhijith.j)***

# THE SMART DOG

A wealthy man once decided to go on an African safari. He took his faithful pet dog along for company. one day the dog starts chasing butterflies and before long he discovers that he is lost. while trying to find his way back,he notices a leopard heading rapidly in his direction with the obvious intention of having lunch. The dog realizes that he trouble. Just then he noticed some bones on the ground close by and immediately settles down to chew on the bones with his back to the approaching cat. Just as the leopard is about to leap, the dog exclaims loudly. That was one delicious leopard. I wonder if there are any more around here. Hearing this the leopard halts his attack in mid stride as a look of terror comes over him and slink away into the trees. Whew says the leopard that was close that dog nearly had me. Meanwhile a monkey who had been watching the whole scene from nearby tree figures he can put this knowledge to good use and trade it for protection from the leopard. So off he goes but the dog saw him heading after the leopard with great speed and figured that something must be up. The monkey soon catches up with the leopard spills the beans and stares a deal for himself with the leopard. The cat is furious at being made a fool of and says here monkey hop on my back and see what's going to happen to that conniving canine. Now the dog sees the leopard coming with the monkey on his back. But instead of running the dog sits down with his back to his attackers pretending he has not


**seen them yet. And just when they get close enough to hear the dog says where is that monkey?i should not have trusted him. I sent him off half an hour ago to bring me another leopard and he still not back! Hearing this the leopard darts off to safety**

**APARNA VISWANATHAN**




# ചിത്രങ്ങൾ






അഭിജിത്ത് ജെ. (IX)




അഭിജിത്ത് ജെ. (IX)





# കടപ്പാട്......

## *ഈ ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നതിന്*

## *ഞങ്ങളെ സഹായിച്ച ബഹു. പ്രഥമ അധ്യാപികയ്ക്കും മറ്റ് അധ്യാപകർക്കും രക്ഷിതാകൾക്കും വിദ്യാർഥികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു*

